## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2640** **09/05/2017-ൽ മറുപടിയ്ക്ക്**

## ഹോർട്ടികോർപ്പിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ. വി.എസ്. സുനിൽകുമാർ<br>(ബഹു. കൃഷി വകുപ്പ് മന്ത്രി) | |
| എ) | ഹോർട്ടികോർപ്പിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | നിലവിലുള്ള താല്ക്കാലിക ജീവനക്കാരെ പിരിച്ചുവിടുവാനും കരാർ ജീവനക്കാരുടെ കരാർ റദ്ദാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; | ബി) | ഹോർട്ടികോർപ്പിൽ ആവശ്യത്തിലധികം ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത് എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരിൽ മഹാഭൂരിപക്ഷവും കരാർ അടിസ്ഥാനത്തിലും, ദിവസവേതനാടിസ്ഥാനത്തിലുമാണ് ജോലി ചെയ്തുവരുന്നത്. ജീവനക്കാരുടെ ആധിക്യംമൂലം വൻ സാമ്പത്തിക ബാധ്യതയാണ് കോർപ്പറേഷന് വരുന്നത്. ആയതിനാൽ അധികമായും അനാവശ്യവുമായ നിയമനം നേടിയിട്ടുള്ള കരാർ-ദിവസവേതന ജീവനക്കാരെ പിരിച്ചുവിടുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി) | മുൻ സർക്കാരിന്റെ കാലത്ത് സ്ഥിരപ്പെടുത്തിയ ദീർഘകാല സേവനമുള്ള ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ ഉത്തരവ് റദ്ദ് ചെയ്യുവാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ? | സി) | താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഹോർട്ടികോർപ്പ് ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചതിൽ നിന്നും ടി ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് ബഹു.സുപ്രീംകോടതിയുടെ സ്റ്റേറ്റ് ഓഫ് കർണാടക Vs ഉമാദേവി കേസിലെ വിധിയുടെ ലംഘനമാകുമെന്നതിനാൽ പ്രസ്തുത പ്രൊപ്പോസൽ നിരസിക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ